**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2269 — 16.08.2017 -ൽ മറുപടിക്ക്

**ഉത്തര കേരളത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) അന്താരാഷ്ട്ര യാത്രാ പ്രസിദ്ധീകരണമായ 'ലോൺലി പ്ലാനറ്റ്' തയ്യാറാക്കിയ വാർഷിക പട്ടികയിൽ വടക്കൻ കേരളം മൂന്നാം സ്ഥാനം നേടിയ സാഹചര്യത്തിൽ ബൃഹത്തായ ടൂറിസം പദ്ധതികൾ അവിടെ നടപ്പാക്കുന്നതിന് ഈ ലോകോത്തര ബഹുമതി സഹായകമാവുമോ; | എ) നിലവിൽ മലബാറിന്റെ ടൂറിസം വികസനത്തിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. |
| ബി) എങ്കിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഒട്ടേറെ ടൂറിസം സാധ്യത ഉള്ള 'പഴംകുറ്റി മല' , 'ലോകനാർകാവ്' എന്നീ രണ്ട് ടൂറിസം പദ്ധതികൾ പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ; | ബി) പരിശോധിക്കാവുന്നതാണ്. |
| സി) നിലവിൽ ഉത്തര കേരളത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | സി) ഉത്തര കേരളത്തിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിക്കുകയെന്നത് സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഇതിന്റെ മുന്നോടിയായി വടക്കൻ മലബാറിന്റെ വിനോദ സഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് " മലനാട്-മലബാർ - ക്രൂയിസ് - ടൂറിസം - പ്രോജക്ട് " എന്ന ഒരു പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ